പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4732 23.07.2015- ൽ മറുപടിക്ക്**

**"കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് ഡെപ്യൂട്ടേഷൻ"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ട്രാവൻകൂർ ടൈറ്റാനിയം പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും കേരള ആട്ടോ മൊബൈൽ ലിമിറ്റഡിൽ നിന്നും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് എത്രപേരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്? | എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും ഒരാളെയും കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നും നാല് പേരെയും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| ബി) ഇപ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചവരെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിലേക്ക് അബ്സോർബ് ചെയ്യാൻ കെ.എസ്.ഐ.ഇ ഡയറക്ടർ ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നുള്ള ജീവനക്കാരനെ എക്സിക്യൂട്ടീവ് പോസ്റ്റിലേക്ക് അബ്സോർബ് ചെയ്യുന്നതിന് 213-ാം ബോർഡ് മീറ്റിംഗ് തീരുമാനമെടുത്തിട്ടുണ്ട്. 214-ാം ബോർഡ് മീറ്റിംഗിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നുള്ള ഒരാളെ ഡെപ്യൂട്ടി ജനറൽ മാനേജർ (TACT) ആയി അബ്സോർബ് ചെയ്യുന്നതിന് വേണ്ടിയും |

| | |
|---|---|
| | തീരുമാനമെടുത്തിട്ടുണ്ട്. 219-ാം ബോർഡ് മീറ്റിംഗിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിന്നുള്ള മറ്റ് രണ്ട് പേരിൽ ഒരു ജീവനക്കാരനെ അസിസ്റ്റന്റ് ജനറൽ മാനേജർ(A&HR) - ആയും മറ്റൊരു ജീവനക്കാരനെ എക്സിക്യൂട്ടീവ് (CACC) -ആയും അബ്സോർബ് ചെയ്യുന്നതിന് കമ്പനി ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. |
| സി) ഇപ്രകാരം അബ്സോർബ് ചെയ്യുന്നതിന് തീരുമാനം എടുത്ത തസ്തികകൾ സർക്കാർ അംഗീകരിച്ച തസ്തികകൾ ആണെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കുമോ ? | സി) KSIE യുടെ സ്റ്റാഫ് സ്ട്രെങ്ത് നിശ്ചയിക്കുന്നതിനായുള്ള ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ